GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Editor Farm News - Dr. V. Krishnadas

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 11/08/2026

1) കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനതല കർഷക ദിനാചരണവും അവാർഡ് വിതരണവും ചിങ്ങം 1 – ആഗസ്റ്റ് 17 രാവിലെ 9.30 ന് എറണാകുളം കളമശ്ശേരി ആഷിസ് കൺവെൻഷൻ സെന്ററിൽ വെച്ച് നടത്തുന്നു. കൃഷി വകുപ്പ് മന്ത്രി അഡ്വ. ടി സിദ്ധിഖ് അധ്യക്ഷത വഹിക്കുന്ന ഈ ചടങ്ങിന്റെ ഉദ്ഘാടനം കേരള മുഖ്യമന്ത്രി ശ്രീ. വി.ഡി. സതീശൻ നിർവ്വഹിക്കുന്നതാണ്.

2) കർഷക ദിനാഘോഷത്തിന്റെ ഭാഗമായി നെടുമങ്ങാട് നഗരഭയും കൃഷിഭവനും സംയുക്തമായി മികച്ച കർഷകരെ ആദരിക്കുന്നതിന് കാർഷിക മേഖലയിൽ വ്യക്തിമുദ്ര പതിപ്പിച്ച നെടുമങ്ങാട് നഗരസഭ പ്രദേശത്ത് താമസിക്കുന്ന വ്യക്തികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷ ഇന്ന് (11.08.2026) രാവിലെ 11

മണിക്ക് മുൻമ്പായി കൃഷിഭവനിൽ എത്തിക്കണമെന്ന് നഗരസഭ സെക്രട്ടറി അറിയിച്ചു.

3) മിത്രനികേതന്റെ എഴുപതാം വാർഷികത്തോടനുബന്ധിച്ച് 2026 ഓഗസ്റ്റ് 18 മുതൽ 20 വരെ വെള്ളനാട് മിത്രനികേതൻ കാമ്പസിൽ **"മിത്ര അഗ്രിഫെസ്റ്റ് 2026"** എന്ന പേരിൽ മൂന്ന് ദിവസത്തെ കാർഷിക പ്രദർശന – വിപണന മേള സംഘടിപ്പിക്കുന്നു. 2026 ഓഗസ്റ്റ് 18 ന് വൈകുന്നേരം 3.00 മണിക്ക് വെള്ളനാട് മിത്രനികേതൻ ക്യമ്പസിൽ വെച്ച് കൃഷി വകുപ്പ് മന്ത്രി അഡ്വ: ടി.സിദ്ദിഖ് ഉദ്ഘാടനം നിർവ്വഹിക്കും. സാങ്കേതിക വിദ്യയും സംരംഭകത്വവും സംയോജിപ്പിച്ച് കാർഷിക മേഖലയിലെ പുതിയ അവസരങ്ങൾ യുവജനങ്ങൾക്കും കർഷകർക്കും പരിചയപ്പെടുത്തുകയും, കൃഷിയെ മികച്ച തൊഴിലായി പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതാണ് ഈ മേളയുടെ പ്രധാന ലക്ഷ്യം. കൃഷി, മൃഗസംരക്ഷണം, കാർഷിക സംരംഭകത്വം, നൂതന കാർഷിക സാങ്കേതികവിദ്യകൾ എന്നിവയിലെ ഏറ്റവും പുതിയ മാതൃകകളും സാധ്യതകളും പൊതു ജനങ്ങൾക്ക് പരിചയപ്പെടുത്തുന്ന വേദിയായിരിക്കും ഈ അഗ്രിഫെസ്റ്റ്. കൂടുതൽ വിവരങ്ങൾക്ക് 8281114470 / 9446701529 എന്നീ നമ്പറുകളിൽ ബന്ധപ്പെടാം.

4) കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ നേതൃത്വത്തിലും സഹകരണവകുപ്പിന്റെ പങ്കാളിത്തത്തോടെ മഴക്കെടുതിയിൽ

കൃഷിനാശം നേരിട്ട കർഷകർക്ക് പുനഃകൃഷിനടത്തുന്നതിനായി പലിശരഹിത വായിപ്പ അനുവധിക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ ബാങ്കുകളുടെ പ്രതിനിധികളുടെ യോഗം ഇന്ന് 10.30 ന് തിരുവനന്തപുരം സെക്രട്ടേറിയറ്റ് അനക്സ് ലയം ഹാളിൽ ചേരുമെന്ന് കഷിവകുപ്പ് മന്ത്രി ടി. സിദ്ധിഖ് അറിയിച്ചു. സംസ്ഥാന സഹകരണ വകുപ്പ് മന്ത്രി എം.ലിജു, കേരള ബാങ്ക്, നബാർഡ്, ഷെഡ്യൂൾഡ് ബാങ്കുകളുടെ പ്രതിനിധികൾ, സഹകരണ - ധനകാര്യ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, സംസ്ഥാന കാർഷിക സഹകരണ ബാങ്കുകളുടെ പ്രതിനിധികൾ എന്നിവർ യോഗത്തിൽ പങ്കെടുക്കും.

5) കേരള സംസ്ഥാന പൗൾട്ടി വികസന കോർപ്പറേഷൻ(കെപ്കോ) ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്ന കെപ്കോ ചിക്കൻ, മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ എന്നിവ വിൽപ്പന നടത്തുന്നതിന് ഏജൻസികൾ അനുവദിക്കുന്നതിന് വേണ്ടി നിലവിൽ 2 കിലോമീറ്റർ പരിധിയിൽ കെപ്കോ ചിക്കൻ ഏജൻസികൾ ഇല്ലാത്ത തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. താൽപ്പര്യമുള്ള വ്യക്തികൾ/ സ്ഥാപന ഉടമകൾ സ്വന്തം വിശദാംശങ്ങളും, ഏജൻസി തുടങ്ങാൻ ഉദ്ദേശിക്കുന്ന സ്ഥലം എന്നിവ വ്യക്തമാക്കിക്കൊണ്ട് വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പൗൾട്ടി വികസന

കോർപ്പറേഷൻ ലിമിറ്റഡ് പേട്ട – തിരുവനന്തപുരം 695024 മേൽവിലാസത്തിലോ. kepcopoultry@gmail.com എന്ന ഇ–മെയിലിലോ അയക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 9809159559. എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

6) തൃശ്ശൂർ ജില്ലയിൽ വിദ്യാർത്ഥിയിൽ എച്ച് 1 എൻ 1 രോഗബാധ സ്ഥിരീകരിച്ച സാഹചര്യത്തിൽ പൊതുജനങ്ങൾ ആശങ്കപ്പെടേണ്ടതില്ലെന്നു വെറ്ററിനറി സർവകലാശാലാ വിദഗ്ധർ അറിയിച്ചു. സ്വൈൻ ഫ്ലൂ അഥവാ പന്നിപ്പനി, പന്നികളിൽ നിന്നും മനുഷ്യരിലേക്ക് പകരുന്നില്ല. നിലവിൽ മനുഷ്യരിൽ കാണപ്പെടുന്ന എച്ച് 1 എൻ 1 രോഗബാധയുടെ പ്രധാന വ്യാപന മാർഗം മനുഷ്യരിൽ നിന്നും മനുഷ്യരിലേക്കാണ്. പന്നികളിൽ കാണപ്പെടുന്ന ചില ഇൻഫ്ലുവൻസ വൈറസുകളുമായി സാമ്യമുള്ളതുകൊണ്ടാണ് ഇതിനെ പന്നിപ്പനി എന്ന് വിളിക്കുന്നത്. എന്നാൽ ഇന്ന് പ്രചരിക്കുന്ന എച്ച് 1 എൻ 1 വൈറസ് സാധാരാണ സീസണൽ ഇൻഫ്ലുവൻസ പോലെ, ചുമയ്ക്കുമ്പോഴും തുമ്മുമ്പോഴും പുറത്തു വരുന്ന ശ്വാസകോശ സ്രവങ്ങളിലൂടെയും രോഗ ബാധിതരുമായുള്ള അടുത്ത സമ്പർക്കം മൂലവുമാണ് പകരുന്നത്. നല്ലവണ്ണം പാകം ചെയ്ത പന്നിയിറച്ചിയോ മറ്റു മാംസാഹാര ഉല്പന്നങ്ങളോ കഴിക്കുന്നതിലൂടെ എച്ച് 1 എൻ 1 രോഗം പകരില്ല എന്നതിനാൽ മാംസാഹാര ഉപഭോഗവുമായി ബന്ധപ്പെട്ട ആശങ്കകൾക്ക്

അടിസ്ഥാനമില്ല. പന്നി വളർത്തുന്ന കർഷകരേയോ പന്നി വളർത്തൽ മേഖലയെയോ ഈ രോഗവാർത്തയുടെ പേരിൽ അനാവശ്യമായി ആശങ്കപ്പെടുത്തുകയോ ഒറ്റപ്പെടുത്തുകയോ ചെയ്യേണ്ടതില്ലന്നും നിലവിലെ പൊതുജനാരോഗ്യ ആശങ്ക വേണ്ടത് മനുഷ്യരിൽ നിന്ന് മനുഷ്യരിലേക്കുള്ള രോഗവ്യാപനത്തെക്കുറിച്ചാണെന്നും സർവകലാശാലാ വിദഗ്ധർ അറിയിച്ചു.

<u>കാർഷീക നിർദ്ധേശങ്ങൾ</u>

7 സംസ്ഥാനത്ത് മഴ ശക്തമായതോടെ ഭീമൻ ആഫ്രിക്കൻ ഒച്ചിന്റെ (Giant African Snail) ശല്യം വിവിധ ജില്ലകളിൽ രൂക്ഷമാകുകയാണ്. വാഴ, പപ്പായ, പ്ലാവ്, വെണ്ട, വഴുതന, കാബേജ്, കമുക്, റബ്ബർ, കാപ്പി തുടങ്ങി 100-ലധികം സസ്യവിളകളെ ആക്രമിക്കുന്ന ഈ ഭീമൻ ഒച്ചുകൾ കൃഷിയിടങ്ങൾക്കും വീട്ടുവളപ്പുകൾക്കും ഒരുപോലെ വലിയ ഭീഷണിയാണ്. ഈ അധിനിവേശ ജീവിയുടെ വ്യാപനം ഫലപ്രദമായി തടയാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങ, വിവിധ സർക്കാർ വകുപ്പുകൾ, കർഷകർ, സന്നദ്ധസംഘടനകൾ എന്നിവരുടെ ഏകോപിത പ്രവർത്തനം അനിവാര്യമാണ്. കേരള കാർഷിക സർവകലാശാലയുടെ ശാസ്ത്രീയ മാർഗനിർദേശങ്ങളും സാങ്കേതിക പിന്തുണയും സമൂഹാധിഷ്ഠിത നിയന്ത്രണ പ്രവർത്തനങ്ങൾക്ക് കൂടുതൽ കരുത്തേകുമെന്നു വൈസ്

ചാൻസലർ പ്രൊഫസർ **(ഡോ). ടി. സജിതാ റാണി** പറഞ്ഞു. ഒച്ചുകളുടെ നിയന്ത്രണത്തിൽ ശുചിത്വത്തിനാണ് ഏറ്റവും പ്രധാന്യം. കളകൾ, വിള അവശിഷ്ടങ്ങൾ, ജൈവമാലിന്യങ്ങൾ, ചവറുകൾ, പഴയ ചാക്കുകൾ എന്നിവ യഥാസമയം നീക്കം ചെയ്ത് പരിസരം വൃത്തിയായി സൂക്ഷിക്കണം. ഇതിലൂടെ ഒച്ചുകൾക്ക് ഒളിച്ചിരിക്കാനും മുട്ടയിടാനുമുള്ള ഇടങ്ങൾ ഇല്ലാതാക്കി അവയുടെ പ്രജനനവും വ്യാപനവും ഗണ്യമായി കുറയ്ക്കാനാകും. മഴയ്ക്കുശേഷം വൈകുന്നേരങ്ങളിലും പുലർച്ചെയുമാണ് ഒച്ചുകൾ കൂടുതൽ സജീവമാകുന്നത്. ഈ സമയത്ത് കയ്യുറ ധരിച്ച് ഒച്ചുകളെയും മുട്ടക്കൂട്ടങ്ങളെയും ശേഖരിച്ച് ഒരു ലിറ്റർ വെള്ളത്തിൽ 250 ഗ്രാം ഉപ്പ് എന്ന തോതിൽ കലർത്തിയ ലായനിയിൽ ഇട്ട് നശിപ്പിക്കണം. ശേഖരിച്ച ഒച്ചുകളെ ജലാശയങ്ങളിൽ നിന്ന് അകലെ രണ്ടുമീറ്റർ ആഴമുള്ള കുഴികളിൽ നിക്ഷേപിച്ച് ഉപ്പോ തുരിശോ വിതറിയശേഷം മണ്ണിട്ട് മൂടുന്നതും ഫലപ്രദമായ നിയന്ത്രണ മാർഗമാണ്. ഒച്ചുകളെ ആകർഷിക്കാൻ 500 ഗ്രാം ഗോതമ്പുപൊടി, 200 ഗ്രാം ശർക്കര, 20 ഗ്രാം യീസ്റ്റ് എന്നിവ ആവശ്യത്തിന് വെള്ളം ചേർത്ത് തയ്യാറാക്കുന്ന മിശ്രിതം വൈകുന്നേരങ്ങളിൽ ചെറിയ പാത്രങ്ങളിലോ നനഞ്ഞ ചണച്ചാക്കുകളിലോ വയ്ക്കാം. പുളിപ്പിച്ച പഴങ്ങൾ, പപ്പായയില, വാഴയില, കാബേജ് ഇല എന്നിവയും കെണികളായി ഉപയോഗിക്കാം. രാത്രിയിൽ

ആകർഷിക്കപ്പെടുന്ന ഒച്ചുകളെ പിറ്റേന്ന് രാവിലെ ശേഖരിച്ച് നശിപ്പിക്കുന്നത് പ്രജനനം കുറയ്ക്കാൻ സഹായിക്കും.